## നീര ഉൽപാദനം

126 (3329) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉല്പാദനത്തിന് സർക്കാർ സഹായമായി എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്; ഇതിൽ എത്ര തുക നൽകിയിട്ടുണ്ടെന്നും ഇനി എത്ര തുക നൽകാനുണ്ടെന്നും അറിയിക്കുമോ;

(ബി) കർഷകരുടെ വിഹിതമായി എത്ര തുക നീര കർഷകരിൽ നിന്നും സമാഹരിച്ചിട്ടുണ്ട്;

(സി) നീര ടെക്നീഷ്യന്മാരുടെ പരിശീലനത്തിനായി എത്ര രൂപയുടെ സബ്സിഡിയാണ് സർക്കാർ വാഗ്ദാനം ചെയ്തിരുന്നത്; ഇതിൽ എത്ര തുക നൽകിയിട്ടുണ്ട്;

(ഡി) നീര കർഷകർക്ക് സർക്കാർ വാഗ്ദാനം ചെയ്തിരുന്ന സഹായം യഥാസമയം നൽകാത്തത് ഈ മേഖലയിൽ കർഷകർക്കുണ്ടായ ഉണർവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കർഷകർക്ക് ബഡ്ജറ്റിൽ വകയിരുത്തിയതും സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതുമായ സഹായം അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നീര ഉല്പാദനത്തിനായി 2015-16-ലെ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ 50 ലക്ഷം രൂപ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്ക് നീര ഉല്പാദന യൂണിറ്റ് സ്ഥാപിച്ചതിന് ധനസഹായമായി അനുവദിക്കുകയും പ്രസ്തുത തുക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇനി 29 കോടി 50 ലക്ഷം രൂപ നൽകാനുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) നീര ടെക്നീഷ്യൻമാരുടെ പരിശീലനത്തിനായി ഒരാൾക്ക് 10,000 രൂപയാണ് അനുവദിക്കുന്നത്. പരിശീലനത്തിനായി തുക നൽകിയിട്ടില്ല.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly